**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1769** **13-02-2025 - ൽ മറുപടിയ്ക്ക്**

**വാഹനാപകടങ്ങൾ കുറയ്ക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങളും അതിനെ തുടർന്നുള്ള മരണങ്ങളും വർദ്ധിച്ചുവരുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് 2016 മുതൽ 2024 കാലയളവിലെ റോഡപകടങ്ങ ളുടെ കണക്ക്പരിശോധിച്ചാൽ ഏറ്റക്കുറച്ചിലുകൾ കാണാവുന്നതാണ്.മരണനിരക്കിന്റെ കാര്യത്തിലും ഇതേ സ്ഥിതിയാണുള്ളത്. 2023 ൽ നിർമ്മിതബുദ്ധി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ക്യാമറകൾ ഉൾപ്പെടുന്ന സമ്പൂർണ്ണ ആട്ടോമ റ്റേഡ്എൻഫോഴ്സ്മെൻ0റ് പദ്ധതി നിലവിൽ വന്നശേഷം 2022- ലെ 4317 എന്ന മരണനിരക്കിൽ നിന്നും 2023, 2024വർഷങ്ങളിൽ ഇത് യഥാക്രമം 4080, 3774 എന്നിങ്ങനെ കുറഞ്ഞതായി കാണുന്നു. 20.05.2021 മുതൽ 07.01.2025 വരെയുള്ള കാലയളവിലും സംസ്ഥാനത്ത് റോഡപകടങ്ങളും അതിനെ തുടർന്നുള്ള മരണങ്ങളും വിശകലനം ചെയ്തതിൽ ആക്സിഡന്റ് കേസുകൾ കൂടിയിട്ടുള്ളതായും മരണനിരക്കുകൾ കുറഞ്ഞിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് എല്ലാ ആശുപത്രികളിലും സൗജന്യ ചികിൽസ നൽകുന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | റോഡ് അപകടത്തിൽപെടുന്നവർക്ക് എല്ലാ ആശുപത്രികളിലും സൗജന്യ ചികിത്സ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 1988-ലെ മോട്ടോർ വെഹിക്കിൾ നിയമത്തിലെ സെക്ഷൻ 162 പ്രകാരം, അപകടത്തിന് ഇരയായ ഒരാൾക്ക് പരമാവധി 7 ദിവസത്തേക്ക് ഒന്നര ലക്ഷം രൂപ വരെയുള്ള പണരഹിത ചികിത്സ നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ (എൻഎച്ച്എ) എംപാനൽ ചെയ്ത ആശുപത്രികളിൽ Ministry of Road Transport and Highways ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി eDAR അപ്ലിക്കേഷൻ മുഖാന്തിരം , ആശുപത്രികളിൽ നിന്നും വരുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥർ 6 മണിക്കൂറിനുള്ളിൽ അവരുടെ പ്രതികരണം രേഖപ്പെടുത്തി തിരികെ അയക്കുന്നുണ്ട് |

| | | | |
|---|---|---|---|
| (സി) | അലക്ഷ്യമായി വാഹനം ഓടിക്കുന്നവരെയും മദ്യപിച്ച് വാഹനമോടിക്കുന്നവരെയും കണ്ടെത്തുന്നതിനും രാത്രികാല വാഹനപരിശോധന കർശനമാക്കുന്നതിനും വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | മോട്ടോർ വാഹനവകുപ്പിന്റെ കീഴിലുള്ള 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനഫലമായി അലക്ഷ്യമായി വാഹനമോടിക്കുന്നവരേയും മദ്യപിച്ച് വാഹനമോടിക്കുന്നവരേയും കണ്ടെത്തുന്നതിനും നിയമപരമായി പിഴ ഈടാക്കുന്നതിനും സാധിക്കുന്നു. കൂടാതെ ഹെൽമെറ്റ് ധരിക്കാതെയും സീറ്റ് ബെൽറ്റ് ധരിക്കാതെയും മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ടും അലക്ഷ്യമായി വാഹനമോടിക്കുന്നവരെ കണ്ടെത്താൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന നിർമ്മിതബുദ്ധി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ക്യാമറകൾ സംസ്ഥാനമൊട്ടാകെ സ്ഥാപിച്ചിട്ടുണ്ട്. രാത്രികാലങ്ങളിൽ ഗതാഗത നിയമലംഘനങ്ങൾ കണ്ടെ ത്തുന്നതിനായി സെക്ടർ, എൻഫോഴ്സ്മെന്റ് പട്രോളിംഗ് , നൈറ്റ് എൻഫോഴ്സ്മെന്റ്, പോലീസ് ഹൈവേ പട്രോളിംഗ് എന്നിവരെ നിയോഗിച്ച് പരിശോധനകൾ നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | കെ. എസ്.ആർ.ടി.സി. ബസ് ഡ്രൈവർമാർ മദ്യപിച്ചും അലക്ഷ്യമായും വാഹനം ഓടിക്കുന്നത് കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; ഇത്തരത്തിൽ വാഹനം ഓടിച്ചതിന്റെ പേരിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ഡി) | KSRTC ജീവനക്കാർ മദ്യപിച്ചും അലക്ഷ്യമായും വാഹനം ഓടിക്കുന്നത്കണ്ടെത്തുന്നതിന്പരിശോധനകൾ കർശനമാക്കുകയും ഡ്യൂട്ടിയ്ക്കെത്തുന്ന ഡ്രൈവർ, കണ്ടക്ടർ, ജീവനക്കാരെ ബ്രീത്ത്അനലൈസർ ഉപയോഗിച്ച് പരിശോധന നടത്തുകയും മദ്യപിച്ചിട്ടുള്ളതായി സ്ഥിരീകരിക്കുന്നപക്ഷം ഡ്യൂട്ടിയിൽനിന്നും മാറ്റി നിറുത്തി അച്ചടക്കനടപടി സ്വീകരിച്ചുവരുന്നതുമാണ്. 01.04.2024 മുതൽ യൂണിറ്റുകളിൽ ബ്രീത്ത് അനലൈസർ പരിശോധന ആരംഭിച്ച ശേഷം 31.01.2025 വരെ 408സ്ഥിരം ജീവനക്കാരെ സസ്പെൻഡ് ചെയ്യുകയും 101ബദൽ ജീവനക്കാ രെ ജോലിയിൽ നിന്നും മാറ്റിനിർത്തിയിട്ടുള്ളതുമാണ്.<br><br>കെഎസ്ആർടിസിയുടെ എല്ലാ യൂണിറ്റിലുംആക്സിഡന്റ് മോണിറ്ററിംഗ് സെൽരൂപികരിച്ചിട്ടുള്ളതും അത് കൃത്യമായി പ്രവർത്തിച്ചും വരുന്നുണ്ട്. RTO, മോട്ടോർവെഹിക്കിൾ ഇൻസ്പെക്ടർ,പോലീസ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി യൂണിറ്റ് തലത്തിൽ അപകടരഹിത ഡ്രൈവിങ്ങിനെക്കുറിച്ച് ബോധവത്കരണ ക്ലാസ് നടത്തിവരുന്നുണ്ട്.ചീഫ് ഓഫീസ് മോണിറ്ററിംഗ് സെല്ലിലേക്ക് ടി വിവരങ്ങൾ കൃത്യമായി റിപ്പോർട്ടുംചെയ്യപ്പെടുന്നുണ്ട്. റോഡപകടങ്ങൾ കുറയ്ക്കാനായി ചീഫ് ഓഫീസ് തലത്തിൽ ആക്സിഡന്റ് മോണിറ്ററിംഗ് സെൽ രൂപികരിക്കുകയും ഉന്നത ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കൃത്യമായി |

| | | | |
|---|---|---|---|
| | | | മോണിറ്ററിങ് ചെയ്യുന്നുണ്ട്. കെഎസ്ആർടിസി ഡ്രൈവർമാരുടെ അപകടകരമായ ഡ്രൈവിംഗ് ശ്രദ്ധയിൽപ്പെട്ടാൽ യാത്രക്കാർക്കും, പൊതു ജനങ്ങൾക്കും വീഡിയോ ഉൾപ്പെടെ റിപ്പോർട്ട് ചെയ്യാനായി ഒരു വാട്സ്ആപ്പ് (9188619380) നമ്പർ എല്ലാ ബസ്സുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. അന്വേഷ ണത്തിൽ കുറ്റക്കാരാണെന്ന്കണ്ടെത്തുന്നവർക്ക് കയൺസിലിങ്ങ് ,കറക്റ്റീവ് ട്രെയിനിങ്ങ് മുതലായവ നൽകി വരുന്നുണ്ട്. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി. ബസുകൾ ഉൾപ്പെട്ട അപകടങ്ങളിൽ എത്രയാളുകൾക്ക് ജീവഹാനി സംഭവിച്ചുവെന്നും എത്രയാളുകൾക്ക് പരിക്കേറ്റുവെന്നുമുള്ള വിശദാംശം നൽകുമോ; പ്രസ്തുത അപകടങ്ങൾക്ക് കാരണക്കാരായവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ഇ) | KSRTC ബസുകളുടെയും മറ്റു സ്വ കാര്യ വാഹനങ്ങളുടെയും പിഴവുമൂലം KSRTC ബസുകൾ ഉൾപ്പെട്ട 2016-2024 വരെയുള്ള 10040അപകടങ്ങളിൽ 1089പേർമ രണപ്പെട്ടിട്ടുണ്ട്. പരിക്കേറ്റവരുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. KSRTC ബസുകൾ അപകടത്തിൽപ്പെടുന്ന കേസുകളിൽ ഉത്ത രവാദികളായ ജീവനക്കാരെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും നി യന്ത്രണവും അപ്പീലും) ചട്ടങ്ങൾപ്രകാരം വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും കുറ്റകൃത്യത്തിന്റെ സ്വഭാവും തീവ്രതയും അനുസരിച്ച് സർവ്വീസിൽ നിന്നും നീക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷകൾ നൽകിവരുന്നു. കൂടാതെ അപകടങ്ങളെയും /അലക്ഷ്യമായ ഡ്രൈവിംഗിനെയും തുടർന്ന് ലൈസൻസ് സസ്പെന്റ് ചെയ്യുന്ന ഡ്രൈവർമാരെ IDTR പരിശീലനത്തിന് ശേഷം മാത്രമാണ് തുടർന്ന് ജോലിയ്ക്ക് നിയോഗിക്കുന്നത്. |
| (എഫ്) | സ്വകാര്യബസുകൾ, ടിപ്പർ ലോറികൾ, കെ.എസ്.ആർ.ടി.സി. ബസുകൾ എന്നിവയുടെ അമിത വേഗത്തിന് നിയന്ത്രണമേർപ്പെടുത്തുന്നതിനും ഗതാഗത നിയമപരിപാലനം കർശനമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ ? | (എഫ്) | സ്വകാര്യ ബസുകൾ, ടിപ്പർ ലോറികൾ, കെ എസ് ആർ ടിസി ബസുകൾ എന്നിവയുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി പ്രത്യേക പരിശോധനകൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ